നം കെഎസ്എ-കെടിഎം.പി.2/1131/2016 തീയതി:-4.8.2016

# കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.7.15 മുതൽ 21.7.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.4.15 മുതൽ 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്<br><br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.7.2016 മുതൽ 30.7.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീമതി മായാ മാധവൻ നായർ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ജിജി ജോർജ്ജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ ഷാജിമോൻ പി.ബി | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ പ്രേംജി ആർ [1.4.14 മുതൽ 31.3.15 വരെ] |
| സെക്രട്ടറി | ശ്രീമതി സെൽമ പി.എച്ച് [1.4.14 മുതൽ 31.3.15 വരെ] |

# മറ്റു നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി..എൻജിനീയർ | ശ്രീ.ബിനു രാജ് | [1.4.2014-31.3.2015] |
| അഗ്രികൾച്ചറൽ ഓഫീസർ | ശ്രീ.ഷെയിസ് എസ് | [1.4.2014-31.3.2015] |
| മെഡിക്കൽ ഓഫീസർ(പിഎച്ച്.സി) | ഡോ.രാധിക വിജയൻ | [1.4.2014 -31.3.2015] |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ശ്രീമതി.സീനിയ പി.കെ | [1.4.2014 -31.3.2015] |
| വെറ്ററിനറി സർജൻ | ഡോ.അജിൻ ജോസ് | [1.4.2014 -31.3.2015] |
| വി.ഇ.ഒ | ശ്രീ.അരുൺ പിള്ള | [1.4.2014 -31.3.2015] |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഉഷാകുമാരി പി.ജി. | [1.4.2014 -31.3.2015] |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | ശ്രീമതി.വൽസമ്മ കുര്യൻ | [1.4.2014 -31.3.2015] |

| ക്രമ നം. | ഭാഗം 1--പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1. | 1.1 ബജറ്റ് | |
| 2. | 1.2 വാർഷിക ധനകാര്യപത്രിക | |
| 3. | 1.3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |
| 4 | 1.4 സാമ്പത്തിക വിശകലനം | |

| | | |
|---|---|---|
| 5 | 1.5 ഫണ്ട് വിനിയോഗം | |
| 6 | 1.6 പദ്ധതി അവലോകനം | |
| 7 | 1.7തനതുവരുമാനം | |
| 8 | 1.8 ക്ഷേമപെൻഷൻ | |
| 9 | 1.9 ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1.10 ആഭ്യന്തരനിയന്ത്രണം | |
| 11 | 1.11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| | ഭാഗം 2വരവുകണക്കുകൾ | |
| 2.1 | 100 ചതുരശ്രമീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചില്ല | |
| 2.2 | വസ്തു നികുതി നിർണ്ണയിച്ച ശേഷം ഉപയോഗക്രമം മാറ്റി. | |
| 2.3 | മൊബൈൽ ടവറുകൾ വസ്തുനികുതി ഒടുക്കുന്നില്ല. വൻതുക കുടിശ്ശിക | |
| 2.4 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തതു സംബന്ധിച്ച്. | |
| | | |

| | | |
|---|---|---|
| 2.5 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് | |
| 2.6 | ഡി & ഒ ട്രേഡ് ലൈസൻസ് നൽകുന്നതിലെ അപാകതകൾ | |
| 2.7 | ഡി & ഒ ട്രേഡ് ലൈസൻസ് നേടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | |
| 2.8 | ലൈസൻസ് പുതുക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നതു സംബന്ധിച്ച് | |
| 2.9 | വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കാത്തതു സംബന്ധിച്ച് | |
| | ഭാഗം 3ചെലവുകണക്കുകൾ | |
| 3.1 | പനയ്ക്കപ്പാലം എസ്.സി വനിതാ ഉത്പന്ന വിപണനകേന്ദ്രം പണി പൂർത്തീകരിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല. | |
| 3.2 | പഞ്ചായത്തിന് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ മേൽക്കൂര നിർമ്മാണം- അപാകതകൾ | |

| | | |
|---|---|---|
| 3.3 | നിലവിൽ കക്കൂസ് ഉണ്ടായിരുന്ന വ്യക്തിയ്ക്ക് കക്കൂസ് നിർമ്മാണത്തിന് ആനുകൂല്യം നൽകിയത് സംബന്ധിച്ച് | |
| 3.4 | ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങി നൽകി, ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | |
| 3.5 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | |
| | ഭാഗം 4<br><br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4.1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 4.2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | |
| 4.3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 4.4 | വായ്പ-വായ്പ തിരിച്ചടവ് | |
| 4.5 | സ്ഥിരനിക്ഷേപങ്ങൾ | |
| 4.6 | ഓഡിറ്റ് റിക്കവറി | |
| 4.7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | |
| 4.8 | ഓഡിറ്റ് പ്രത്യവലോകനം | |
| 4.9 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | |

# ഭാഗം –1

## പൊതു അവലോകനം

1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 22-2-2014 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവു കണക്കുകൾ താഴെക്കൊടുക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 2182764.72 | 2504915.72 | 322151 | 0 | (+)14 |
| വരവ് | 77585091 | 61649584 | 0 | 15933507 | (-)20.5 |
| ആകെ | 79767855.72 | 64154499.72 | 0 | 15613356 | (-)20 |
| ചെലവ് | 73316541 | 54276975 | 0 | 19039566 | (-)25 |
| നീക്കിയിരിപ്പ് | 6451314.72 | 9877524.72 | 3426210 | 0 | (+)53 |

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 31.7.2015 | 28.7.15 | ഇല്ല | ഇല്ല |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 17.10.2015 | കെ.എസ്.എ.കെ.ടി.എം.പി14<br><br>/ജി.പി/58/14-31.12.2015 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2504915.72 |
| വരവ് | 61649584 |
| ആകെ | 64154499.72 |
| ചെലവ് | 54276975 |
| നീക്കിയിരിപ്പ് | 9877524.72 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6142000 | 6142000 | 4923843 | 1218157 | 80 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1262000 | 1262000 | 966940 | 295060 | 76.61 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 135000 | 135000 | 84950 | 50050 | 62.92 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2223881 | 2223881 | 2221499 | 2382 | 99.43 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2199850 | 2199850 | 2177407 | 22443 | 98.07 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 880 | 3946764 | 3947644 | 3301154 | 646490 | 83.62 |
| പെർഫോമൻസ് ഗ്രാന്റ് | 181 | 1776000 | 1776181 | 0 | 1776181 | 0 |

## 1-6 പദ്ധതി അവലോകനം.

അംഗീകാര നമ്പർ /തീയതി - 980/2014/DPC/DPO/KTM തീയതി 11.6.2015

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 93 | 23744707 | 71 | 15863115 | ഇല്ല | 22 | 76 |

## <u>വാർഷികപദ്ധതി -നേട്ടങ്ങൾ/കോട്ടങ്ങൾ</u>

## <u>നേട്ടങ്ങൾ</u>

1.വിഭാവനം ചെയ്ത 93 പ്രോജക്ടുകളിൽ 71 എണ്ണം നടപ്പിലാക്കി.

2.കാർഷിക മേഖലയിൽ വിവധ പ്രോജക്ടുകൾ നടപ്പിലാക്കി.

3. മൃഗസംരക്ഷണ മേഖലയിൽ കാലിത്തൊഴുത്ത് നിർമ്മാണം, മുട്ടക്കോഴി വിതരണം എന്നീ പ്രോജക്ടുകൾ നടപ്പാക്കി.

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള വിവധ പ്രോജക്ടുകൾ നടപ്പിലാക്കി.

5.എല്ലാ വിഭാഗത്തിലുള്ളവർക്കും ഭൂമിവാങ്ങൽ, ഭവനനിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

**കോട്ടങ്ങൾ**

1.വാർഷിക പദ്ധതിയിൽ 1776181/- രൂപ ലോകബാങ്ക് ധനസഹായം ഉൾപ്പെടുത്തി പ്രോജക്ടുകൾ വിഭാവനം ചെയ്തിരുന്നെങ്കിലും നടപ്പിലാക്കിയില്ല.

2. അറവുശാലയ്ക്ക് സ്ഥലം വാങ്ങൽ പ്രോജക്ടിനായി 5 ലക്ഷം രൂപ വകയിരുത്തി എങ്കിലും നടപ്പാക്കിയില്ല

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1784980 | 2500160 | 715180 | (+)40 |
| നികുതിയേതര വരവുകൾ | 3402786 | 4043943 | 641157 | (+)18.8 |
| മറ്റുവരവുകൾ | 46900 | 39420 | 7480 | (-)15 |
| ആകെ | 5234666 | 6583523 | 1348857 | (+)25.7 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102480 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 1291920 | 174 |

| | | |
|---|---|---|
| വിധവാപെൻഷൻ | 2203740 | 297 |
| വാർദ്ധക്യകാലപെൻഷൻ | 19443315 | 392 |
| വികലാംഗപെൻഷൻ | 1098650 | 109 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 111720 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 50000 | 3 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.7.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2106 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

1-10 ആഭ്യന്തരനിയന്ത്രണം.

ഓാഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികൾ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വരവിനങ്ങളായ വസ്തുനികുതി,തൊഴിൽനികുതി, ഡി&ഒ ട്രേഡ് ലൈസൻസ്, ലേലം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും കൃത്യമായി പരിപാലിക്കുന്നുണ്ട്. തനതു ഫണ്ടുചെലവുകൾ സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ചെലവു വൗച്ചറുകൾ സാംഖ്യ പെയ്മെന്റ് വൗച്ചർ സഹിതം കൃത്യമായി ഫയൽ ചെയ്യുന്നുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-7-16 – 21-7-16 | 1-6-16 – 30-6-16 | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8-6-06 – 22-6-06 | 1997-98 – 2005-06 | LBA HQ/8A/1000/415/ 21.7.06 |

## <u>ഭാഗം –2</u>

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.(പഞ്ചായത്ത് കമ്മറ്റിയുടെ 16-12-11-ലെ V1-ൽ ഒന്നാം നമ്പർ തീരുമാനം) എന്നാൽ പഞ്ചായത്ത് നികുതി നികുതി നിർണയം നടത്തിയ 100/ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ ചതുരശ്രമീറ്ററിന് 40രൂപ നിരക്കിൽ മാത്രമാണ് നികുതി ചുമത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ വിവരം | കെട്ടിടത്തിന്റെ ഉപയോഗ വിവരം | തറവിസ്തീർണം ചതുരശ്ര മീറ്റർ | നിർണയിച്ചനികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | നിർണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (60/-രൂപ ച.മീറ്ററിന്) | അനുവദനീയമായ ഇളവ് വർദ്ധന (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 7/ ഇഞ്ചോലിക്കാവ് | 448/R6മുതൽ 12കെട്ടിടങ്ങൾ | സുധീർഖാൻ തോട്ടുങ്കൽ | വാണിജ്യാവശ്യം | 194.66 | 9343 | 14016 | 20 % വർദ്ധനവ് | 4673 |
| 2 | V1/ തലപ്പലം | 349/എ മുതൽ E വരെ | സിബിതോമസ്, ഞള്ളംപുഴ | വാണിജ്യാവശ്യം | 183.64 | 8080 | 12120 | 10% വർദ്ധനവ് | 4040 |
| 3 | V111/ പനയ്ക്കപ്പാലം | 241മുതൽ 244A വരെ | തോമസ് ചാക്കോ, കായപ്ലാക്കൽ | വാണിജ്യാവശ്യം | 102.3 | 4911 | 7366 | 20% വർദ്ധനവ് | 2455 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ആകെ | | | | | | | | 11168 |

നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചതിനാൽ 11168രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തു നികുതിയിലുണ്ടാകുന്ന ഏതൊരു നഷ്ടവും തുടർ വർഷങ്ങളിലും ആവർത്തിക്കപ്പെടുന്നതാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയം നടത്തി കുറവ് നികുതി ഈടാക്കേണ്ടതും അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 വസ്തു നികുതി നിർണ്ണയിച്ച ശേഷം ഉപയോഗക്രമം മാറ്റി

2014- 15 നികുതി നിർണ്ണയം നടത്തിയ ചില കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയ ഉപയോഗ ക്രമത്തിനല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി 29-07-16 ൽ ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥർക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | വിസ്തീർണ്ണം ച . മീറ്ററിൽ | നികുതി നിർണ്ണയം നടത്തിയ ഉപയോഗക്രമം | നിർണ്ണയിച്ച നികുതി (ച. മീറ്ററിന് 15രൂപ നിരക്കിൽ) | അനുവദനീയമായ ഇളവ് / വർദ്ധന വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ | സ്ഥല പരിശോധനയിൽ കണ്ട ഉപയോഗക്രമം |
|---|---|---|---|---|---|---|---|
| 1 | സിബി ജോസഫ് ഞള്ളംപുഴ | V1/349 | 28.6 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 423.9 രൂപ | 10% വർദ്ധന (30% ഇളവ്, 20% വർദ്ധന) | ഫർണിച്ചർ നിർമ്മാണ യൂണിറ്റ് |
| 2 | കെ.റ്റി. തോമസ്സ് കിഴക്കേക്കര | 11/ 1A | 73.25 | വ്യവസായ ആവശ്യത്തിനുള്ള | 1098.75 രൂപ | 10% വർദ്ധന (10% ഇളവ്, 20% വർദ്ധന) | വാഹനങ്ങളുടെ ബോഡി നിർമ്മാണം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | | | |

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21-01-2012 ലെ വസ്തു നികുതി പരിഷ്കരണ അന്തിമ ഉത്തരവ് പ്രകാരം ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്ക് ച .മീറ്ററിന് 50 രൂപയാണ്. ഈ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചാൽ ലഭിക്കുമായിരുന്ന നികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിസ്തീർണ്ണം ച. മീറ്ററിൽ | ച.മീറ്ററിന് 50 രൂപ നിരക്കിൽ നികുതി | അനുവദനീയമായ ഇളവ് / വർദ്ധന | കെട്ടിടത്തിന് ബാധകമായ നികുതി | ച.മീറ്ററിന് 15 രൂപ നിരക്കിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 28.26 | 1413 രൂപ | 10% ഇളവ് (-141.3) | 1272 രൂപ | 382 രൂപ | 890 രൂപ |
| 2 | 73.25 | 3662.5രൂപ | 10% വർദ്ധന (+366) | 4029 രൂപ | 1209 രൂപ | 2820 രൂപ |

ഇപ്രകാരം ഉപയോഗക്രമം തെറ്റായി കാണിച്ച് വസ്തു നികുതി നിർണ്ണയം നടത്തിയതുമൂലം നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം-10ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോദ്ധ്യപ്പെട്ടതിനാൽ വസ്തു നികുതി പുനർ നിർണയിച്ച് ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

### 2-3 മൊബൈൽ ടവറുകൾ വസ്തു നികുതി ഒടുക്കുന്നില്ല. വൻ തുക കുടിശ്ശിക

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 7 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ രണ്ട് ടവറുകളുടെ വസ്തു നികുതി പുതുക്കിയ നിരക്കിൽ( ച. മീറ്ററിന് 500 രൂപ) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 5 ടവറുകളുടെ

നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുണ്ട് എങ്കിലും നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല. നികുതി ഒടുക്കാത്ത ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടവർകമ്പനി യുടെപേര് | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി (ച.മീറ്ററിന് 500 രൂപ നിരക്കിൽ) | ലൈബ്രറി സെസ്സ് | 15-16 സാമ്പത്തിക വർഷം വരെ ലഭിക്കേണ്ട നികുതി |
|---|---|---|---|---|---|---|
| | ഇൻഡ്യ ടെലികോം | 111/ 267 | 19.8 | 18880 | 594 | 94400 |
| | ബി.എസ്.എൻ.എൽ | V111/19 | 6.76 | 4046 | 203 | 20280 |
| | ബി.എസ്.എൻ.എൽ | 1/27B | 21.19 | 11655 | 683 | 58275 |
| | ഇൻഡസ് | 1V/234 | 61.62 | 36972 | 1849 | 184860 |
| | എൈഡിയ | 1X/345A | 38.44 | 23064 | 1153 | 115320 |
| | ആകെ | | | | | 47316 |

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം 1-4-11മുതൽ 15-16 വരെയുള്ള വസ്തുനികുതി കുടിശ്ശിക 47316 രൂപയാണ്.ടവറുകൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ

എല്ലാ ടവറുകളുടെയും വിസ്തീർണ്ണം കണക്കാക്കിയതിൽ കുറവ് വന്നതായും, അനുബന്ധ കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാ എന്നും കാണുന്നു. ആയതിനാൽ എല്ലാ ടവറുകളും പരിശോധിച്ച് എൽ. എസ്. ജി. ഡി. വിഭാഗത്തിന്റെ സഹായത്തോടെ വിസ്തീർണ്ണം തിട്ടപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2014-15 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വിവേകാനന്ദ വിദ്യാലയം ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ | രണ്ട് അർദ്ധ വർഷങ്ങളും |
| 2 | നൻമ സ്റ്റോർ കളത്തുക്കടവ് | രണ്ടാം അർദ്ധ വർഷം |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറി നം-5ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2014-15 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | തലപ്പലം സർവ്വീസ് സഹകരണ ബാങ്ക് കളത്തൂക്കടവ് ശാഖ | രണ്ട് അർദ്ധ വർഷങ്ങളും |
| 2 | ടി - നരിയങ്ങാനം ശാഖ | രണ്ട് അർദ്ധ വർഷങ്ങളും |
| 3 | ടി - അരുവിത്തുറ കോളേജ് പടി ശാഖ | രണ്ട് അർദ്ധ വർഷങ്ങളും |
| 4 | ടി - പനയ്ക്കപ്പാലം ശാഖ | രണ്ട് അർദ്ധ വർഷങ്ങളും |
| 5 | ഹോളി ഫാമിലി ഹോസ്പിറ്റൽ | രണ്ട് അർദ്ധ വർഷങ്ങളും |
| 6 | മേലമ്പാറ സർവ്വീസ് സഹകരണ ബാങ്ക് തേവർപാടം ശാഖ | രണ്ട് അർദ്ധ വർഷങ്ങളും |
| 7 | മേലമ്പാറ സർവ്വീസ് സഹകരണ ബാങ്ക് | രണ്ട് അർദ്ധ വർഷങ്ങളും |

| | | |
|---|---|---|
| | ചിറ്റാനപ്പാറ ശാഖ | |
| 8 | വിവേകാനന്ദ വിദ്യാലയം ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ | രണ്ട് അർദ്ധ വർഷങ്ങളും |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-6ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2-6 ഡി&ഒ ട്രേഡ് ലൈസൻസ് നൽകുന്നതിലെ അപാകതകൾ

2014-15 സാമ്പത്തിക വർഷം 187സ്ഥാപനങ്ങൾ ലൈസൻസ് നേടിയിട്ടുണ്ട്. മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും (ഖണ്ഡിക 2-3 (എ) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ള്ഷാപ്പുകൾ, റേഷൻകടകൾ, റബ്ബർ ഉത്പാദക സംഘങ്ങൾ, ക്ഷീരോത്പാദക സംഘങ്ങൾ എന്നിവയൊന്നും ലൈസൻസ് പരിധിയിൽ നാളിതുവരെ ഉൾപ്പെട്ടിട്ടില്ല.ഉയർന്ന നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കാവുന്ന താരതമ്യേന വലിയ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന നിരക്കിൽ ഫീസ് ഈടാക്കുന്നില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനഉടമയുടെ പേര് | വ്യാപാരത്തിന്റെ | അപേക്ഷപ്രകാരം | ഈടാക്കിയ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | സ്വഭാവം | വിറ്റുവരവ് | ഫീസ് |
| 1 | മുഹ്സിന നിസ്സാർ | യമഹ ടൂവീലറു കളുടെ വിൽ പനയും, സർവ്വീസിംഗും | രേഖപ്പെടു ത്തിയിട്ടില്ല | 500 /രൂപ |
| 2 | ജോർജ് ജേക്കബ്, പുരക്കൽ | ഹോണ്ട ടൂവീലറുകളുടെ വിൽപനയും, സർവ്വീസിംഗും, സ്പെയർ പാർട്സുകൾ വിൽപനയും | 15000 | 1000 /രൂപ |
| 3 | ബിനോയി ജോസഫ്, കല്ലുംതലയ്ക്കൽ | പെട്രോൾ പമ്പ് | | 2000 /രൂപ |
| 4 | ഏലിയാമ്മ ചെറിയാൻ, പാണ്ടിയാംമാക്കൽ | ഗ്യാസ് ഏജൻസി | രേഖപ്പെടു ത്തിയിട്ടില്ല | 1500 /രൂപ |

സ്ഥാപനങ്ങൾ ലൽകുന്ന തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ചുമത്താതെ വ്യാപാരത്തിന്റെ അടിസ്ഥാനത്തിൽ വിറ്റുവരവ് കണക്കാക്കി വലിയ സ്ഥാപനങ്ങളിൽ നിന്നും പരമാവധി ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2-7 ഡി&ഒ ലൈസൻസ് നേടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

2014-15 സാമ്പത്തിക വർഷം ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ പല സ്ഥാപനങ്ങളും സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ വിവരം | വ്യാപാരത്തിന്റെ സ്വഭാവം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മുഹ്സിന നിസ്സാർ | യമഹ ടൂവിലറുകളുടെ വിൽപനയും,സർവ്വീസിംഗും | 5 |
| 2 | വിനീതാ പ്രദീപ് | അമൃതം ഫുഡ് മിക്സ് | 8 |
| 3 | റെൻസിന ബിജു | ഹിമ മിൽക്ക് പ്രോഡക്ട്സ് | 23 |
| 4 | ജോർജ് ജേക്കബ് | ഹോണ്ട ടൂവിലറുകളുടെ | `0 |

| | | | |
|---|---|---|---|
| | | വിൽപനയും,സർവ്വീസിംഗും | |
| 5 | അലക്സ്സ് ജോർജ് | ലൂസിഡ് സർജിക്കൽസ് | 4 |
| 6 | അലക്സ്സ് ജോർജ് | കൊടി ഹെൽത്ത് കെയർ | 15 |
| 7 | സന്തോഷ്. എം. ഫിലിപ്പ് | പെട്രോൾ പമ്പ് | 5 |
| 8 | ബിനോയി ജോസഫ് | പെട്രോൾപമ്പ് | 2 |
| 9 | ജിൻസ് മോൻ ജോസഫ് | സോമിൽ | 6 |
| 10 | ബിജു തോമസ് | സോമിൽ | 4 |
| 11 | സതീഷ് കുമാർ | പി.ആർ.ബി.ടിമ്പേഴ്സ് | 8 |
| 12 | സുബാഷ് ജോർജ് | സോമിൽ | 4 |
| 13 | ചെയർമാൻ ജനശ്രീ ബ്രിക്സ്സ് | ജനശ്രീബ്രിക്സ്സ് | 4 |
| 14 | ചാക്കോ ജോസഫ് | സിമന്റ്ഗോഡൗൺ | 4 |
| 15 | രാജൻ തോമസ്സ് | കൈരളി ബ്രിക്സ് | 4 |
| 16 | ബിജു ഫിലിപ്പ് | റോയൽ ഡിസൈനർ ടൈൽസ് | 6 |

തനതുവരുമാനം തീരെ കുറവായ ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിന് ഉതകുന്ന ഇത്തരം വരുമാന മാർഗങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-8 ലൈസൻസ് പുതുക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച്

2013-14 സാമ്പത്തിക വർഷം ലൈസൻസ് നേടിയ സ്ഥാപനം 2014-15 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | വ്യാപാരത്തിന്റെ സ്വഭാവം | ഈടാക്കിയ ഫീസ്/ തൊഴിൽ നികുതി | രസീത് നമ്പർ/ തീയതി |
|---|---|---|---|
| ജോയിക്കുട്ടി സെബാസ്റ്റ്യൻ, പേഴത്തുങ്കൽ | ജെ. ജെ. ടൂൾസ്, ആഗ്രോ സർവ്വീസിംഗ് സെന്റർ | 4000( ഫീസ്)<br>2500 (തൊഴിൽ നികുതി) | 11302100184/31-3-14<br>113002100185/31-3-14 |

മേൽ പ്രസ്താവിച്ച സ്ഥാപനം 2015-16 സാമ്പത്തിക വർഷവും ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറി നം- 3 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന ഉടമ ലൈസൻസ് ഫീസ് കുറച്ചുതരണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു എന്നും 2014-15 സാമ്പത്തിക വർഷം വാറ്റ് റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ് ഹാജരാക്കുവാൻ ടിയാനോട് ആവശ്യപ്പെട്ടതായും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടിയാൻ ആയത് ഹാജരാക്കാതെ 04-03-16-ൽ ലൈസൻസ് പുതുക്കുന്നതിനായി വീണ്ടും അപേക്ഷ നൽകി. 23.03-16 -ലെ പഞ്ചായത്ത് കമ്മറ്റിയുടെ 111(3) നമ്പർ തീരുമാനപ്രകാരവും വിൽപന നികുതി വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്ഥാപന ഉടമ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നു മാത്രമല്ല സ്ഥാപനം നിർബാധം പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ടിയാൻ വാറ്റ് റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ് ഹാജരാക്കാത്തതിൽ നിന്നും ടിയാൾക്ക് ആയത് ഹാജരാക്കിയാൽ ഫീസ് ഇളവ് ലഭിക്കുന്നതിനുള്ള അർഹതയില്ലാത്തതിനാലാണ്. ഈ സാഹചര്യത്തിൽ സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയോ അല്ലാത്തപക്ഷം അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്കനുസരിച്ച് നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

2-9 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്

2014-15 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് നേടിയ രണ്ട് സ്ഥാപനങ്ങൾ

അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള റബ്ബർ ബോർഡിൽ നിന്നും സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷയിൽ കാണിച്ചിട്ടുള്ളതിലും വളരെ കൂടുതൽ പ്രതിദിന വിറ്റുവരവുള്ള സ്ഥാപനങ്ങളാണ് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | വ്യാപാരത്തിന്റെ സ്വഭാവം | അപേക്ഷ പ്രകാരം വിറ്റുവരവ് | ഈടാക്കിയ ഫീസ് | രസീത് നമ്പർ / തീയതി | റബ്ബർ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|---|---|
| മാത്യു ജോസഫ്, പൊട്ടംകുളം | ബി & എം റബ്ബേഴ്സ് | 1000/ രൂപ | 200/ രൂപ | 11404103390/ 26-2-15 | പ്രതിവർഷം 2000 ടൺ ഉണങ്ങിയ റബ്ബർ അല്ലെങ്കിൽ അത്രയും ഊക്കം ഉണങ്ങിയ റബ്ബറിന് തുല്യ രബ്ബർ പാൽ വാങ്ങി സംസ്കരിക്കുന്നതിനുള്ള ലൈസൻസ് |
| ജോബി അഗസ്റ്റ്യൻ, ഇല്ലത്തുപറമ്പിൽ | ഇല്ലത്തുപറമ്പിൽ റബ്ബേഴ്സ് | 1500/രൂപ | 500/രൂപ | 11302102496 /20-3-14 | " |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ ഹാജരാക്കിയിട്ടുള്ള റബ്ബർ ബോർഡിൽ നിന്നുള്ള ലൈസൻസുകളിലെ വിവരങ്ങൾ പ്രകാരം മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും പരമാവധി

ലൈസൻസ് ഫീസ് ഈടാക്കാമായിരുന്നു എന്ന് കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-4 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷം വിൽപന നികുതി വകുപ്പിന് നൽകിയിട്ടുള്ള കണക്കുകൾ വാങ്ങി വിറ്റുവരവ് കണക്കാക്കി ലൈസൻസ് ഫീസ് പുനർനിർണ്ണയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പനയ്ക്കപ്പാലം എസ്.സി വനിതാ ഉത്പന്ന വിപണനകേന്ദ്രം പണി പൂർത്തീകരിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി-വിഭാഗ വനിതകൾക്കായി വിഭാവനം ചെയ്ത പനയ്ക്കപ്പാലം വനിതാ ഉത്പന്ന വിപണനകേന്ദ്രത്തിന്റെ നിർമ്മാണം 2015-16 -ൽ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. 2012-13 -ൽ ആരംഭിച്ച ഈ ബഹുവർഷ പ്രോജക്ടിനായി 2014-15 സാമ്പത്തിക വർഷം വരെ 48,74,081/- രൂപ ചെലവഴിച്ചിട്ടുണ്ട് (മുൻ വർഷ റിപ്പോർട്ട് ഖണ്ഡിക 3.2 കാണുക). 2015-16-ലും 193443/- രൂപ (പ്രോജക്ട് നംപർ 64/15) ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടം ഉപയോഗക്ഷമമാക്കാനുള്ള നടപടികളൊന്നും നാളിതുവരെ അധികൃതർ കൈക്കൊണ്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വാണിജ്യപ്രാധാന്യമുള്ളതും ഏറ്റുമാനൂർ-പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേയിൽ വൻതുക സർക്കാർ ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിച്ചതുമായ ഈ കെട്ടിടം ഉപയോഗശൂന്യമായി അവശേഷിക്കുന്നത് ഗുരുതരമായ അപാകതയാണ്. കെട്ടിടം ഉപയോഗക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2 പഞ്ചായത്തിന് കൈമാറിക്കിട്ടിയ വിവധ സ്ഥാപനങ്ങളുടെ മേൽക്കൂര നിർമ്മാണം- അപാകതകൾ

പഞ്ചായത്തിന് കൈമാറിക്കിട്ടിയ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ വിവിധ നിർമ്മാണ പ്രവൃത്തികളോടനുബന്ധിച്ച ട്രസ്സ് വർക്ക് നടത്തിയതിൽ അലൂമിനിയം പൗഡർകോട്ടഡ് ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി നടത്തുന്നതായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആ നിരക്കിൽ ബിൽ തയ്യാറാക്കി തുക മാറിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളുടെ പ്രാദേശിക പരിശോധന നടത്തിയതിൽ ട്രസ്സ് വർക്ക് ജി.ഐ.ഷീറ്റ് ഉപയോഗിച്ചാണ് നടത്തിയിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നം/പേര് | അടങ്കൽ | ചെലവ് | കൺവീനർ/ കോൺട്രാക്ടർ | ട്രസ്സ് വർക്ക് അളവ് | ജി.ഐ.ഷീറ്റ് നിരക്ക്/ പ്രകാരം | അലൂമിനിയം ഷീറ്റ് | വ്യത്യാസം | കൺവീനർക്ക് നൽകി |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | തുക | നിരക്ക് പ്രകാരം തുക | | യ തുക |
| 1 | 75/15 പി.എച്ച് സി.സ്റ്റോർ റൂം നിർമ്മാണവും റൂഫിംഗും | 480000 | 480000 | സജി എം.എം. മാടപ്പള്ളിക്കുന്നേൽ, പൂഞ്ഞാർ (കോൺട്രാക്ടർ) | 135.6 m2 | 67122 (@495/ m2) | 126379 (932/ m2) | 59257 | 451199 /545093/ 21.3.15 |
| 2 | 53/15 അംഗനവാടികളുടെ മെയിന്റനൻസ് | 196000 | 193732 | ടി.ജെ. ജോസഫ് , തോട്ടക്കര, തിടനാട്. (കോൺട്രാക്ടർ) | 1(ഇലക്കാട്ട് അംഗൻവാടി) 6.50 m2 2.പൂവത്താനി) 26.50 m2 | 3217 (@495/m2) 13118 (@495/m2) | 6050 (932/ m2) 24698 (932/ m2) | 2833 11580 | 182109/ 366986/ 31.10.14 “ |
| 3 | 54/15 ഇന്ഞ്ചോലിക്കാവ് അംഗൻ വാടി മെയിന്റ നൻസ് | 60000 | 60000 | സജിമോൻ ഇ.ആർ, കടപ്പുഴയിൽ (കൺ വീനർ) | 27.9m2 | 12025 (431/m2) | 22626 (811/ m2) | 10601 | 56600/ 189090 /31.11.14 |
| ആകെ വ്യത്യാസം | | | | | | | | 84271 | |

പ്രസ്തുത ഇനങ്ങളുടെ ഒബ്സേർവ്ഡ് നിരക്കുകൾ ചുവടെ ചേർക്കുന്നു .(SOR 2012 പ്രകാരം).
(ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത്)

| Roofing with Aluminium trafford sheet(Powder coated) (10 m2 ന്) | | | Roofing with G.I corrugated sheet (10 m2 ന്) | |
|---|---|---|---|---|
| 10.5 m2 aluminium sheet | 646m2 | 6783 | 284.10 m2 | 2983.05 |
| 1.5 kg bolts (22 nos) | 81 kg | 121.50 | 81kg | 121.50 |
| 22 nos bitumen washers | 3(10 no) | 6.60 | 3 (10 no) | 6.60 |
| 1.35 nos labour carpenter | 500 each | 675 | 500 each | 675 |
| 1.35 nos man | 377 each | 508.95 | 377 each | 508.95 |
| conveyance(LS) | | 10 | | 10 |
| | Total | 8105.05 | | 4305 |
| For 1 m2(without CP) | | 811 | | 431 |
| 5% OH | | 405.25 | | 215.25 |
| 10% CP without Ls and Market rate | | 809.51 | | 430.5 |
| Total | | 9319.81 | | 4955.25 |
| For 1 m2 with CP | | 931.98 | | 495.52 |

ഇപ്രകാരം അധികനിരക്കിൽ പ്രവൃത്തി നടത്തിയതിന്റെ വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ 7 )നൽകിയെങ്കിലും തൃപ്തികരമായ മറുപടി ലഭിക്കുകയുണ്ടായില്ല.എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിൽനിന്നും വ്യത്യസ്തമായി കുറഞ്ഞ വിലയും

നിലവാരവുമുള്ള നിർമ്മാണവസ്തു ഉപയോഗിച്ച് പ്രവൃത്തി നടത്തിയത് ക്രമവിരുദ്ധമാണ്. അധികനിരക്കിൽ പ്രവൃത്തി നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 84,271/- രൂപ കൺവീനർ/ കോൺട്രാക്ടർമാരിൽനിന്നും ഈടാക്കി അസി.എൻജിനീയർ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

3-3 നിലവിൽ കക്കൂസ് ഉണ്ടായിരുന്ന വ്യക്തിയ്ക്ക് കക്കൂസ് നിർമ്മാണത്തിന് ആനുകൂല്യം നല്ഡകിയത് സംബന്ധിച്ച്

2014-15 സാമ്പത്തിക വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി, കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ കാമ്പെയിനുമായി (റ്റി.എസ്.സി) സംയോജിപ്പിച്ച് നടപ്പാക്കിയ കക്കൂസ് നിർമ്മാണം എന്ന പ്രോജക്ട് (നം-S0024/15) നടപ്പാക്കിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ധനകാര്യ വിശകലനം.

| ഫണ്ട് സ്രോതസ്സ് | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 81000 | 36000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 77400 | 77400 |
| കേന്ദ്രാവിഷ്കൃതം (റ്റി.എസ് .സി) | 2112000 | - |
| ഗുണ. വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 440000 | 295000 |

സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് നടപ്പാക്കിയ പ്രോജക്ട് പ്രകാരം കക്കൂസ് ഇല്ലാത്ത ഭവനങ്ങളിൽ കക്കൂസ് നിർമ്മിച്ച് നൽകുക എന്നതാണ് വിഭാവനം ചെയ്തിരുന്നത്. ആകെ 126 ഗുണഭോക്താക്കൾക്ക് 12900/ രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 12000/രൂപ റ്റി. എസ്. സി. ഫണ്ടിൽ നിന്നും, 900/രൂപ വികസനഫണ്ടിൽ നിന്നും നൽകുകയാണ് ചെയ്തത്. റ്റി. എസ്. സി. ഫണ്ടിൽ നിന്നും ലഭിച്ച1512000 / രൂപ വി. ഇ.ഒ. യുടെ പേരിൽ എസ്. ബി.റ്റി. പ്ലാശനാൽ ശാഖയിലുള്ള അക്കൗണ്ടിലൂടെയും, വികസനഫണ്ടിൽ നിന്നുള്ള 113400/ രൂപ ബിൽ നമ്പർ 27/14-15 പ്രകാരം 12-3-15 ൽ 36000/- രൂപയും, ബിൽ നമ്പർ 28/14-15 പ്രകാരം 77400/ രൂപ 12-3-15 ലും സബ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിൽ കക്കൂസ് ഇല്ല എന്നത് സംബന്ധിച്ച്

വി.ഇ.ഒ.യുടെ റിപ്പോർട്ടോ, ഗുണഭോക്താക്കളുടെ പ്രസ്താവനയോ ഒരു ഫയലിലും

ഉൾപ്പെടുത്തിയിട്ടില്ല.

2) വസ്തുവിന്റെ കരം ഒടുക്കിയ രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ഇതേ ആവശ്യത്തിന് മുൻപ് ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച എന്നത് സംബന്ധിച്ച് വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടോ ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല.

28-07-16 ൽ വി. ഇ. ഒ. യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ധനസഹായം ലഭിച്ച ശ്രീ. പി. ജി. വിജയൻ, പുതുവായിൽ എന്നയാൾക്ക് വീടിനുള്ളിൽ അറ്റാച്ച്ഡ് ബാത്ത്റൂം ഉണ്ടായിരിക്കെയാണ് ധനസഹായം അനുവദിച്ചത് എന്ന് കണ്ടു. മാത്രമല്ല ടിയാൾ പണി പൂർത്തീകരച്ച് കക്കൂസ് ഉപയോഗയോഗ്യമാക്കിയിട്ടില്ല. കെട്ടിടം ആട്ടിൻകൂടായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. നിലവിൽ കക്കൂസ് ഉണ്ടായിരുന്ന വ്യക്തിക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-9ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ നിലവിൽ കക്കൂസ് ഉണ്ടായിരുന്ന വ്യക്തിക്ക് കക്കൂസ് നിർമ്മാണത്തിന് നൽകിയ 12900/രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കിയില്ലാ എങ്കിൽ തുക നിരാകരിക്കുന്നതായിരിക്കും.

### 3-4 ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങി നൽകി, ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

2014-15 സാമ്പത്തിക വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവനനിർമ്മാണം (പ്രോജക്ട് നം.16/15) ജനറൽ എന്ന പ്രോജക്ട് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്, പൊതുവിഭാഗം | 100000 | 100000 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 100000 | 100000 |

പ്രോജക്ട് പ്രകാരം ധനശഹായം നൽകിയ രണ്ട് ഗുണഭോക്താക്കളും 3 സെന്റ് വീതം വസ്തു വാങ്ങിയതൊഴികെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. സ്ഥലസന്ദർശനം നടത്തിയതിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താവായ ശ്രീമതി മോളി അഗസ്റ്റ്യൻ എന്നയാൾ ഇപ്പോഴും പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നയാളാണ്. പഞ്ചായത്തിൽ നിന്നും ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയാലെ വീട് നിർമ്മിക്കുവാൻ സാധിക്കു എന്നാണ് ടിയാരി അറിയിച്ചിട്ടുള്ളത്. പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ ഭവന നിർമ്മാണം കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. 1999-2000 സാമ്പത്തിക വർഷം പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി നൽകിയ ശ്രീമതി സരോജനിയമ്മ, പുന്നത്താനത്ത് എന്നയാൾ 14-15 സാമ്പത്തിക വർഷം മേൽ പ്രസ്താവിച്ച സ്ഥലം വിൽക്കുന്നതിന് അനുമതി തേടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷ പരിഗണിച്ച

പഞ്ചായത്ത് ഭരണസമിതി സ്ഥലം 12 വർഷം കഴിഞ്ഞതിനാൽ സ്ഥലം വിൽക്കുന്നതിന് അനുവാദം (23.12.2014 ലെ VI(1) നമ്പർ തീരുമാനം) നൽകി. പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി നൽകിയ ഗുണഭോക്താവിന് തുടർ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകി പ്രോജക്ട് ലക്ഷ്യം കൈവരിക്കാതെ സ്ഥലം വിൽക്കുന്നതിന് അനുവാദം നൽകിയ നടപടി ക്രമപ്രകാരമല്ല. ഇത്തരം പ്രവണതകൾ പ്രോത്സാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. ഈ ഗുണഭോക്താക്കളെ തുടർ വർഷ വാർഷിക പദ്ധതിയിലെ പുനരധിവാസ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2014-15 വർഷം മണ്ണ് /ജലം സംരക്ഷണ പ്രവൃത്തികൾ, വൃക്ഷത്തൈ നടീൽ മുതലായ പ്രവൃത്തികൾ ചെയ്തു. 2014-15 വർഷം 54പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 52 എണ്ണം പൂർത്തിയാക്കി. 26545 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 60 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭിച്ചു.

2014-15 വർഷത്തെ വരവുചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10273 |
| വരവ് | 7472453 |
| പലിശ വരവ് | 379 |
| ആകെ | 7483105 |
| ചെലവ് | 7483105 |
| നീക്കിയിരിപ്പ് | 0 |

വാർഷിക കണക്കുകൾ പ്രകാരം മുന്നിരിപ്പ് 10,023/- രൂപയാണ്. 200/- രൂപയുടെ വ്യത്യാസം മുൻവർഷ വാർഷിക കണക്കുകളിലെ അപാകതയാണ്. 2014-15 ൽ നീക്കിയിരിപ്പിന്റെ വ്യത്യാസം പരിഹരിച്ചിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | പനയ്ക്കപ്പാലം എസ്. സി. വനിതാ ഉത്പന്ന വിപണന കേന്ദ്രം | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2461124 | പനയ്ക്കപ്പാലം എസ്. സി. വനിതാ ഉത്പന്ന വിപണന കേന്ദ്രം | 2380969 | 89155 |

4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ- ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 38005 |
| | |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 12689 |
| ആകെ | 50694 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 50694<br>(തലപ്പലം സർവ്വീസ് സഹകരണ ബാങ്ക്, രസീത് നം.11146/3479/11.03.99) |

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.-ഇല്ല

4-8 .ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61649584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54276975 |
| വരവിനങ്ങളിലുള്ള നഷ്ടം | 11168 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | 84271 |

| | |
|---|---|
| തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12900 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 11168 | | ശ്രീമതി സെൽമ പി.എച്ച്, സെക്രട്ടറി |
| 3-2 | | 84271 | ശ്രീ.വിനുരാജ് ഡി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 12900 | ശ്രീ.അരുൺപിള്ള, വി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സെൽമ പി.എച്ച്, സെക്രട്ടറി | സെക്രട്ടറി, പുറമ്പുഴ ഗ്രാമപഞ്ചായത്ത് | നൈനുക്കുന്നേൽ, കരിമണ്ണൂർ പി.ഒ, തൊടുപുഴ |
| ശ്രീ.വിനുരാജ് ഡി., അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ, നൂറനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല | ഹാബിറ്റാറ്റ് (വീട്), ജില്ലാ ആയുർവ്വേദ ആശുപത്രിയ്ക്ക് |

| | | |
|---|---|---|
| | | എതിർവശം, വർക്കല പി.ഒ-695141 |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽനിന്നും നടത്തിയ കത്തിടപാടിന്റെ വിവരം |
|---|---|
| 98-99 ചെലവ് | എൽ.എഫ്.കെ.പി.2-196/98 തീ, 17.06.2000/04.07.2000 |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.2-257/അദാ./14(2) തീ.08.01.15 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി.7/925/04/04.03.05 |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/1087/07/25.09.08 |
| 2004-05 | എൽ.എഫ്.കെ.പി.2-1252(എ))/2014(2) തീ.01.08.15 |
| 2005-06 | എൽ.എഫ്.കെ.പി.2-1252(എ))14(3), 07.08.15 |
| 2006-07 | എൽ.എഫ്.കെ.പി.2-1252(എ))2014(4), 06.08.15 |
| 2007-08 | എൽ.എഫ്.കെ.പി.2-338/15, 06.07.15 |
| 2008-09 | എൽ.എഫ്.കെ.പി.2-374/15, 28.05.15 |

| | |
|---|---|
| 2009-10 | എൽ.എഫ്.കെ.പി.2-375/15, 06.07.15 |
| 10-11, 11-12 | എൽ.എഫ്.കെ.പി.2-339/15, 06.07.15 |
| 2012-13, 13-14 | എൽ.എഫ്.കെ.പി.2-1562/15, 06.02.16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

<u>അനുബന്ധം-4</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെഎസ്എ.കെടിഎം.പി.3-1131/16

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
തീയതി- 04.08.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓാഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓാഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓാഡിറ്റർ ജനറൽ നിർദേശിച്ച ഓാഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2014-15-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം